## ക്രമപ്രശ്നം

### ബില്ലിന് രാഷ്ട്രപതിയുടെ അനുമതി വേണമെന്നത് സംബന്ധിച്ച്

ശ്രീ. കെ. എം. മാണി: സർ, മലയാള ഭാഷയെ സംബന്ധിച്ച ഈ ബിൽ എഡ്യൂക്കേഷനുമായി ബന്ധപ്പെട്ടതാണ്. എഡ്യൂക്കേഷൻ കൺകറന്റ് ലിസ്റ്റിൽപ്പെടുന്നതാണ്. ആ നിലയ്ക്ക് പ്രസിഡന്റിന്റെ അനുമതി ആവശ്യമാണ്. എന്റെ ഒബ്ജക്ഷൻ എന്നുപറയുന്നത്, 2015-ൽ ഈ സഭ പാസ്സാക്കിയ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ ഗവർണറുടെ അനുമതിയോടെ പ്രസിദ്ധീകരിച്ചാലും പ്രസിഡന്റിന്റെ മുൻപിലുള്ള ബില്ലിന് ഈ നിയമസഭ പാസ്സാക്കി മറ്റൊരു ബിൽ അയച്ചിട്ടുണ്ട്. അത് പ്രസിഡന്റിന്റെ പരിഗണനയ്ക്ക് പെന്റിംഗിലാണ്. അതുകൊണ്ടാണ് ഞാൻ പറയുന്നത് 2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ ഗവർണറുടെ അനുമതിയോടെ പ്രസിദ്ധീകരിച്ചാലും പ്രസിഡന്റിന്റെ മുൻപിലുള്ള ബില്ലിന് അനുമതി നൽകുന്ന മുറയ്ക്ക് ഇപ്പോഴത്തെ ബില്ലിന് പ്രസക്തിയില്ലാകും. ഈ ദുർഗതി ഉണ്ടാകാതിരിക്കുവാൻ ബിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പിൻവലിക്കുകയാണ് നല്ലതെന്നതാണ് എന്റെ അഭിപ്രായം. നേരത്തെ പാസ്സാക്കിയ ബില്ലിലെ വ്യവസ്ഥയും ഇപ്പോഴത്തെ

ബില്ലിലെ വ്യവസ്ഥയും പരസ്പര വിരുദ്ധമാണ്, പൊരുത്തപ്പെടുന്നതല്ല. പ്രസിഡന്റിന് മുൻപിലിരിക്കുന്ന ബില്ലിലെ ക്ലോസ് 6-ൽ കേരളത്തിലെ എല്ലാ ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിലും പത്താം ക്ലാസ് വരെ നിർബന്ധിത ഒന്നാം ഭാഷ മലയാളം ആയിരിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇപ്പോഴത്തെ ബില്ലിലെ വ്യവസ്ഥയെന്നു പറയുന്നത് എല്ലാ സ്കൂളുകളെയും സംബന്ധിക്കുന്നതാണ്. എയ്ഡഡ്, അൺ എയ്ഡഡ്, സി.ബി.എസ്.ഇ., സി.ഐ.എസ്.സി.ഇ., ബോർഡ് നടത്തുന്ന സ്കൂളുകൾ തുടങ്ങി എല്ലാ സ്കൂളുകളെയും ബാധിക്കുന്നതാണ്. ഇങ്ങനെ പരസ്പരവിരുദ്ധമാണ് 6-ാം ക്ലോസ്. ആ നിലയ്ക്ക് പരസ്പര വിരുദ്ധമായ രണ്ട് ബില്ലുകൾ പ്രസിഡന്റിന് മുൻപിൽ ചെല്ലുമ്പോൾ ബുദ്ധിമുട്ടുണ്ടാകും. ഗവൺമെന്റ് അത് പരിശോധിക്കേണ്ടതാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബിൽ അവതരിപ്പിച്ച ഘട്ടത്തിൽതന്നെ ഇത് ക്രമപ്രശ്നമായി ബഹുമാനപ്പെട്ട മാണി സർ അടക്കമുള്ളവർ കൊണ്ടുവന്നതാണ്. ബഹുമാനപ്പെട്ട സ്പീക്കർ അതുസംബന്ധിച്ച് റൂളിംഗ് നൽകിയിട്ടുമുണ്ട്. ചട്ടം 76-ന്റെ ഘട്ടത്തിലാണ് ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്നത്. ചട്ടം 79 പ്രകാരമാണ് ഇവിടെ അവതരിപ്പിക്കുന്നത്. ഈ ഘട്ടത്തിൽ

ക്രമപ്രശ്നം ഒരിക്കലും നിൽക്കുന്നതല്ലെന്ന ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് ആണ് നിലനിൽക്കുക. മലയാള ഭാഷ (നിർബന്ധിത ഭാഷ) ബിൽ, 2017 സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമാണ് സഭയിൽ അവതരിപ്പിക്കുന്നത്. അത് കാര്യനിർവ്വഹണ ചട്ടം 79 പ്രകാരവും 79-മുതൽ തുടർന്നുള്ള ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ്. ഇതുസംബന്ധിച്ച നിർദ്ദേശങ്ങളോ ഉപക്ഷേപങ്ങളോ ഭേദഗതികളോ ചട്ടം 76 പ്രകാരം അവതരിപ്പിക്കേണ്ടത് ബിൽ അവതരിപ്പിക്കുന്ന ഘട്ടത്തിലാണ്. ചട്ടം 303 പ്രകാരം ഇക്കാര്യത്തിൽ ക്രമപ്രശ്നം ഉന്നയിക്കാവുന്നതല്ല. ഈ അവസരത്തിൽ ബിൽ പിൻവലിക്കണമെന്ന് ആവശ്യപ്പെടാനുമാകില്ല. 2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബില്ലിലെ നിയമനിർമ്മാണങ്ങൾ മലയാളത്തിലായിരിക്കണമെന്ന 6-ാം ഖണ്ഡത്തിലെ വ്യവസ്ഥ 1963-ലെ കേന്ദ്ര ആക്ടായ ഔദ്യോഗിക ഭാഷാ ആക്ടിലെ വ്യവസ്ഥകളുമായി വൈരുദ്ധ്യമുള്ളതിനാലാണ് അപ്രകാരം രാഷ്ട്രപതിയുടെ അനുമതിക്കായി അയച്ചത്. ഈ നിയമത്തിൽ അത്തരം വ്യവസ്ഥകളില്ല. 2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ സഭ പാസാക്കി പ്രസിഡന്റിന്റെ അനുമതിക്കുവേണ്ടി അയച്ചിരുന്നതാണ്. പ്രസ്തുത ബില്ലിലെ വ്യവസ്ഥകളും ഈ ബില്ലിലെ വ്യവസ്ഥകളും തമ്മിൽ വ്യത്യാസമുണ്ടെന്ന് അംഗം തന്നെ സമ്മതിക്കുന്നുണ്ട്. ഈ ബിൽ

പ്രസിഡന്റിന്റെ അനുമതിക്ക് അയയ്ക്കേണ്ട യാതൊരു ആവശ്യവും ഇല്ല. ഏതെങ്കിലും കേന്ദ്ര നിയമത്തിന്റേയോ ഭരണഘടനാപരമായ നിബന്ധനകളുടെയോ മേഖലയിൽ വരുന്നൊരു നിയമവുമല്ല ഇത്. സംസ്ഥാന സർക്കാരിന്റെ പൂർണ്ണ നിയമനിർമ്മാണത്തിനുള്ള അധികാര പരിധിക്ക് അകത്തുനിന്നുകൊണ്ടാണ് ഈ നിയമം കൊണ്ടുവന്നിട്ടുള്ളത്. അതിനാൽ ഈ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, ബഹുമാന്യനായ മന്ത്രി പറഞ്ഞത് ശരിയല്ല. 2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബില്ലിൽ 6-ാം വകുപ്പ് ഉള്ളതുകൊണ്ടാണ് പ്രസിഡന്റിന് അയച്ചതെന്ന് പറഞ്ഞു. ആറാം വകുപ്പിൽ എയ്ഡഡ്/സർക്കാർ സ്കൂളുകളിലെ പത്താം തരം വരെ മലയാളം കംപൽസറി ഭാഷയാണെന്ന് പറയുന്നുണ്ട്. ഇപ്പോഴത്തെ ബില്ലിൽ പറയുന്നത് എയ്ഡഡ്/അൺ എയ്ഡഡ് സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ എല്ലാം ഉൾപ്പെടുമെന്ന് പറഞ്ഞു. അന്നത്തെ ബില്ലിന് പ്രസിഡന്റിന്റെ അനുമതി വേണമെങ്കിൽ നിശ്ചയമായിട്ടും ഈ ബില്ലിനും പ്രസിഡന്റിന്റെ അനുമതി ആവശ്യമാണ്. അദ്ദേഹം പറയുന്നത് contradictory ആണ്. 2015-ലെ ബില്ലിന് പ്രസിഡന്റിന്റെ അനുമതി ആവശ്യമാണെങ്കിൽ അതിനെക്കാൾ വ്യാപ്തിയുള്ള ഈ ബില്ലിന് പ്രസിഡന്റിന്റെ അനുമതിയില്ലാതെ നടപ്പിലാക്കാൻ സാധിക്കുകയില്ല.

മി. സ്പീക്കർ: ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള വിശദീകരണം പറഞ്ഞല്ലോ.

ശ്രീ. കെ. സി. ജോസഫ്: അദ്ദേഹം അത് ക്ലാരിഫൈ ചെയ്യണം.